# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 18-01-2026**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ പൂർവ്വ മേഖലയുടെ വികസനം എന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമത്തിലാണ് കേന്ദ്ര സർക്കാരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി..
2. സംസ്ഥാന സ്കൂൾ കലോൽസവം തൃശ്ശൂരിൽ കൊടിയിറങ്ങി. കലാ കിരീടം നേടി കണ്ണൂർ. തൃശ്ശൂർ ജില്ലയ്ക്ക് രണ്ടാം സ്ഥാനം.
3. കല മനുഷ്യത്വത്തിന്റെയും കരുതലിന്റെയും അടയാളമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.
4. കേരളത്തിലെ പാൽ ഉത്പാദനം 10 ലക്ഷം ലിറ്ററിൽ അധികം വർധിച്ചതായി മന്ത്രി ജെ ചിഞ്ചുറാണി.
5. . പൊതു - സ്വകാര്യപങ്കാളിത്തത്തോടെ പൊന്നാനി തുറമുഖത്ത് സ്ഥാപിക്കുന്ന വൻകിട കപ്പൽ നിർമാണശാലയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി..
6. ന്യൂസിലൻഡിനെതിരായ മൂന്നാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്ക് 338 റൺ വിജയ ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$

## പ്രധാനമന്ത്രി - പശ്ചിമബംഗാൾ

വികസിത കിഴക്കൻ ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമ ത്തിലാണ് കേന്ദ്ര സർക്കാരെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമ

RNU TVPM

ബംഗാളിൽ 830 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതി കൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. ഉൾനാടൻ ജല ഗതാഗത ടെർമിനലും റോഡ് മേൽപ്പാലവും ഉൾപ്പെടെ ബാലഗഡിൽ വിപുലീകൃത പോർട്ട് ഗേറ്റ് സംവിധാനത്തിന്റെ തറക്കല്ലിടൽ പ്രധാനമന്ത്രി നിർവഹിച്ചു

$$$$$$$$$$$$$$$$$$$$$$

## സ്കൂൾ കലോൽസവം (ഇൻട്രോ)

സംസ്ഥാന സ്കൂൾ കലോൽസവം കൊടിയിറങ്ങി. 1028 പോയിന്റുമായി കണ്ണൂർ കലാ കിരീടം നേടി. 1023 പോയിൻറ് നേടി തൃശ്ശൂർ രണ്ടാം സ്ഥാനവും 1017 പോയിൻറ് നേടി കോഴിക്കോട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$

## മന്ത്രി വി. ശിവൻകുട്ടി - കലോൽസവം (ഇൻട്രോ)

കല മനുഷ്യത്വത്തിന്റെയും കരുതലിന്റെയും അടയാളമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. 64 ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയാ യിരുന്നു അദ്ദേഹം.

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$

## ജെ ചിഞ്ചുറാണി

സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' ന് കൊല്ലത്ത് തുടക്കമായി. ക്ഷീരസംഗമം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ പാൽ ഉത്പാദനം 10 ലക്ഷം ലിറ്ററിൽ അധികം വർധിച്ച

RNU TVPM

തായി മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. ക്ഷീര സംഗമത്തിന്റെ ഭാഗമായി ആശ്രാമം മൈതാനത്ത് ഒരുക്കിയ കേരള ഡയറി എക്സ്പോയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആഭ്യന്തര പാൽ ഉത്പാദനം വർധിച്ചുവരികയാണെന്നും സംസ്ഥാനത്തിന്റെ അതിദാരിദ്ര്യ നിർമാർജന പദ്ധതിയുടെ ഭാഗമായി പശുക്കളെ വിതരണം ചെയ്യുന്നതിനായി ഓരോ പശു യൂണിറ്റിനും ഒരു ലക്ഷം രൂപ വരെ സബ്സിഡി അനുവദിച്ചതായും മന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$

## ബാലഗോപാൽ - ഹരിതകേരളം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ മെൻസ്ട്രുവൽ കപ്പും നാപ് കിൻ സംസ്കരണത്തിനുള്ള ഇൻസിനറേറ്ററും വിതരണം ചെയ്യുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മറ്റന്നാൾ ഉച്ച തിരിഞ്ഞ് കൊല്ലത്ത് മുട്ടറ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതിയിലൂടെ 1.69 ലക്ഷം മെൻസ്ട്രുവൽ കപ്പുകളാണ് വിതരണം ചെയ്യുന്നത്. മുന്നൂറ്റി ഇരുപത്തി രണ്ട് സ്ഥാപനങ്ങളിൽ ഇൻസിനറേറ്ററുകളും സ്ഥാപിക്കും.

PNUTVPM

$$$$$$$$$$$$$$$$$$$$$$

## പൊന്നാനി-കപ്പൽ നിർമാണശാല

പൊതു – സ്വകാര്യപങ്കാളിത്തത്തോടെ പൊന്നാനി തുറമുഖത്ത് സ്ഥാപിക്കുന്ന വൻകിട കപ്പൽ നിർമാണശാലയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. കൊച്ചി കഴിഞ്ഞാൽ സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽശാലയാണ് പൊന്നാനിയിൽ യാഥാർഥ്യമാവുന്നത്. ആദ്യഘട്ടത്തിൽ 200 കോടിയോളം രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. കപ്പൽ നിർമാണവുമായി ബന്ധപ്പെട്ടുള്ള ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂഷനും ആരംഭിക്കും. കപ്പൽ യാർഡ് തുടങ്ങുന്നതിന് പിന്നാലെ ചരക്ക് നീക്കവും ആരംഭിക്കും.

$$$$$$$$$$$$$$$$$$$$$$

## ജോർജ്ജ് കുര്യൻ

വികസന കാര്യത്തിൽ ജനങ്ങളുടെ ആവശ്യമാണ് ആദ്യം നടപ്പാക്കേണ്ട തെന്നും അതിന് ശേഷം മതി രാഷ്ട്രീയ പാർട്ടികൾ ക്രെഡിറ്റിനു വേണ്ടി അവകാശം ഉന്നയിക്കുന്നതെന്നും കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ. പാലക്കാട് അകത്തേത്തറ ഗ്രാമ പഞ്ചായത്ത് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$

## പിഎം വിശ്വകർമ്മ പദ്ധതി

പിഎം വിശ്വകർമ്മ പദ്ധതി പ്രകാരം കരകൗശല വിദഗ്ധരെ പങ്കെടുപ്പിച്ചു സംഘടിപ്പിക്കുന്ന പിഎം വിശ്വകർമ്മ ഹാത്ത് 2026 ന് ന്യൂഡൽഹിയിൽ തുടക്കം. രാജ്യത്തിന്റെ സമ്പന്നമായ കരകൗശല പൈതൃകം ആഘോഷി ക്കാനും പ്രദർശിപ്പിക്കാനും ലക്ഷ്യമിട്ടാണ് പിഎം വിശ്വകർമ്മ ഹാത്ത് സംഘടിപ്പിക്കുന്നത്.

$$$$$$$$$$$$$$$$$$$$$

RNU TVPM

## ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ മൂന്നാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്ക് 338 റൺ വിജയ ലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ന്യൂസിലൻഡ് 50 ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 337 റൺ എടുത്തു. മറുപടി ബാറ്റിംഗിനി റങ്ങിയ ഇന്ത്യ ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 5 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 32 റൺ എടുത്തിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$

## കളരിപ്പയറ്റ് ലീഗ്

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേ ഷനും സംയുക്തമായി സംഘടിപ്പിച്ച ഖേലോ ഇന്ത്യ കളരിപ്പയറ്റ് നാഷണൽ ലീഗ് അണ്ടർ 18 മത്സരത്തിൽ 10 സ്വർണ മെഡലുകൾ നേടി കേരളം കിരീടം ചൂടി. 3 സ്വർണ മെഡലുകൾ നേടി കർണാടകം രണ്ടാം സ്ഥാനവും 2 സ്വർണമെഡൽ നേടി ഡൽഹി മൂന്നാം സ്ഥാനവും, 1 സ്വർണ മെഡൽ നേടി തമിഴ്നാട് 4ആം സ്ഥാനവും സ്വന്തമാക്കി.

$$$$$$$$$$$$$$$$$$$$$$

**കേരള കുംഭമേള - (ഇൻട്രോ)**

തിരുനാവായയിലെ നിളാ തീരത്ത് നാളെ ആരംഭിക്കുന്ന മഹാ മാഘ മഹോത്സവം എന്ന പ്രഥമ കേരള കുംഭമേളയ്ക്ക് ഒരുക്കങ്ങൾ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി എം സുരേഷ് ബാബു

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$

**രാജീവ് ചന്ദ്രശേഖർ**

തിരുവനന്തപുരത്ത് നിന്നും ചെന്നൈ താമ്പരത്തേയ്ക്കും, ഹൈദരാബാദിലേയ്ക്കും അമൃത് ഭാരത് ട്രെയിനുകൾ അനുവദിച്ചെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കൂടാതെ ഗുരുവായൂരിനും തൃശ്ശൂരിനും ഇടയിൽ പുതിയ ട്രെയിനിനും അനുമതിയായിട്ടുണ്ട്.

RNUTVPM

$$$$$$$$$$$$$$$$$$$$$$

**എസ് രാജേന്ദ്രൻ**

ദേവികുളത്തെ സി.പി. എം - മുൻ എം.എൽ.എ. -, എസ്. രാജേന്ദ്രൻ ബിജെപിയിൽ ചേർന്നു. തിരുവനന്തപുരത്ത് ബിജെപി ആസ്ഥാനത്ത് എത്തി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽ നിന്നാണ് അംഗത്വം സ്വീകരിച്ചത്.

$$$$$$$$$$$$$$$$$$$$$$

**അഖിലേന്ത്യാ ഫോട്ടോ എക്സിബിഷൻ**

കേരളത്തിൻറെ വൈവിധ്യമാർന്ന ഭൂപ്രകൃതിയെയും സംസ്കാരത്തെയും പ്രദർശിപ്പിച്ചുകൊണ്ട് സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അഖിലേന്ത്യാ ഫോട്ടോ എക്സിബിഷൻ 'LENSECAPE KERALA'യ്ക്ക് മറ്റന്നാൾ

ന്യൂഡൽഹിയിൽ തുടക്കമാകും. രാജ്യത്തെ 10 പ്രധാന നഗരങ്ങളിലായി രണ്ടര മാസത്തോളം നീളുന്ന പ്രദർശനം ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസ് ആർട്ട് ഗാലറിയിൽ മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$

## അപേക്ഷ ക്ഷണിച്ചു

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം.

$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$
$$$$$

RNU TVPM